മരാമത്തു മന്ത്രി (ശ്രീ. ടി. കെ. ദിവാകരൻ):

(എ, ബി) തദ്ദേശ പ്രാധാന്യത്തിൽ കവിഞ്ഞു പ്രാധാന്യമുള്ള പഞ്ചായത്തു റോഡുകൾ ഗവണ്മെന്റു് ഏറ്റെടുക്കുന്ന കാര്യം പരിഗണിച്ചുകൊണ്ടിരിക്കുകയാണു്.

(സി) മല്ലപ്പള്ളി റോഡുകൾ ഏറ്റെടുക്കുന്ന കാര്യം തീരുമാനിക്കുന്ന മുറയ്ക്കു് ഈ റോഡിന്റെ കാര്യവും പരിഗണിക്കുന്നതാണു്.

പുതിയ വ്യവസായങ്ങൾ

* 54 [126] ശ്രീ കെ. എ ശിവരാമഭാരതി.
ശ്രീ. പി. കെ ചന്ദ്രാനന്ദൻ:

താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്നത്തെ മന്ത്രി സഭ അധികാരത്തിൽ വന്നശേഷം പുതുതായി ആരംഭിച്ച വ്യവസായങ്ങൾ ഏവ;

(ബി) അവകളിൽ ജോലി ലഭിച്ച തൊഴിലാളികളുടെ എണ്ണമെത്ര?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. ടി. വി. തോമസ്):

(എ, ബി) വിവരങ്ങളടങ്ങുന്ന പട്ടിക മേശപ്പുറത്തു വച്ചിട്ടുണ്ടു്. †

ഗവണ്മെന്റുമായി ബന്ധമുള്ള വ്യവസായസ്ഥാപനങ്ങൾ

* 55 [127] ശ്രീ എ. ഫസൽ, പുതുക്കാട്ടിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവണ്മെന്റുമായി ബന്ധമുള്ള വ്യവസായ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ ഹരിജനങ്ങൾക്കും മറ്റു പിന്നോക്ക സമുദായങ്ങൾക്കും പ്രാതിനിധ്യം ലഭിക്കുന്നില്ല എന്ന പരാതി ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ ടി. വി. തോമസ്):

(എ) ഉണ്ടു്.

(ബി) നിയമനം നടത്തുന്നതിനും ഒരു പുതിയ സംഘടനയെപ്പറ്റി ആലോചിച്ചുകൊണ്ടിരിക്കുകയാണു്.

വ്യവസായങ്ങൾ ആരംഭിക്കാത്ത ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ

* 56. [129] ശ്രീ. പി. ഉണ്ണികൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ പണിപൂർത്തിയായിട്ടും വ്യവസായങ്ങൾ ആരംഭിക്കാത്ത എത്ര ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളുണ്ടു് ;

(ബി) കരുനാഗപ്പള്ളി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന്റെ പ്രവർത്തനം ഇനിയും ആരംഭിക്കാത്തതെന്തുകൊണ്ടാണു് ;

(സി) പ്രസ്തുത എസ്റ്റേറ്റിൽ വ്യവസായം ആരംഭിക്കുവാൻ എത്ര വ്യവസായികൾ അപേക്ഷ സമർപ്പിച്ചിട്ടുണ്ടു് ?

† Appendix II.

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായമന്ത്രി (ശ്രീ. ടി. വി. തോമസ്) :

(എ) രണ്ട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ.

(ബി) കരുനാഗപ്പള്ളി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ കെട്ടിടങ്ങളുടെ പണി ഈയടുത്തകാലത്താണ് പൂർത്തിയായത്. അവിടെ ജലവിതരണത്തിനുള്ള ഏർപ്പാടുകൾ പൂർത്തിയാക്കേണ്ടതായിട്ടിരിക്കുന്നു. ഷെഡ്ഡുകളുടെ വാടകനിരക്ക് നിശ്ചയിക്കുകയും വേണ്ടിയിരിക്കുന്നു. ഇതിനുള്ള നടപടികൾ പൂർത്തിയായാലുടനെ എസ്റ്റേറ്റിൽ പ്രവർത്തനം ആരംഭിക്കുമെന്നു പ്രതീക്ഷിക്കുന്നു.

(സി) ആറുപേർ.

മരാമത്തു പണികൾ

* 57. [133] ശ്രീ. ജി. ഗോപിനാഥൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) സംസ്ഥാനത്തു പല മരാമത്തുപണികളും ഇന്നത്തെ കോൺട്രാക്റ്റു സമ്പ്രദായംകൊണ്ടാണു നടക്കാത്തതെന്നുള്ള ആക്ഷേപം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അതു ഡിപ്പാർട്ടുമെൻറിന്റെ നേരിട്ടുള്ള മേൽനോട്ടയിൽ നടത്തുവാൻ വേണ്ട നടപടികൾ കൈക്കൊള്ളുമോ ;

(ബി) ഈ കാര്യത്തിൽ ഉണ്ടാകാനിടയുള്ള കാലതാമസം പരിഗണിച്ചു ഗവണ്മെൻറുസഹായത്തോടുകൂടി മരാമത്തുപണികൾ നടത്തുന്നതിനുവേണ്ടി ഇഞ്ചിനീയറിംഗ് ബിരുദധാരികൾ ഉൾക്കൊള്ളുന്ന സഹകരണസംഘങ്ങൾ രൂപീകരിക്കുവാൻ ഗവണ്മെൻറു സത്വരനടപടി സ്വീകരിക്കുമോ ?

മരാമത്തുമന്ത്രി (ശ്രീ. ടി. കെ. നാരായണൻ) :

(എ) അപ്രകാരം ഒരു ആക്ഷേപം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ പല മരാമത്തുപണികളും കോൺട്രാക്ടർമാരുടെ മേൽനോട്ടം കാലതാമസം വരുന്നതായി ഗവണ്മെൻറിനറിയാം. പൊതുമരാമത്തുപണികൾ ഡിപ്പാർട്ടുമെൻറിന്റെ നേരിട്ടുള്ള മേൽനോട്ടയിൽ നടത്തുവാൻ സാധിക്കുമോ എന്ന കാര്യം പരിഗണിച്ചുകൊണ്ടിരിക്കുകയാണ്.

(ബി) ഇഞ്ചിനീയറിംഗ് ബിരുദധാരികൾ ഉൾക്കൊള്ളുന്ന ചില സംഘടനകൾ ഇപ്പോൾത്തന്നെ നിലവിലുണ്ട്. അവക്ക് ഏതുതരത്തിലുള്ള സഹായസഹകരണങ്ങൾ നൽകാമെന്നുള്ള കാര്യം ഗവണ്മെൻറ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

മുൻസിപ്പാലിറ്റി പിരിക്കേണ്ടതായ ലൈസൻസ്

* 58. [134] ശ്രീ. എം. കെ. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഏതെങ്കിലും മുൻസിപ്പാലിറ്റികളിൽനിന്നും മുൻസിപ്പാലിറ്റി പിരിക്കേണ്ടതായ ലൈസൻസ് ഫീസ് ഐ. എൻ. ടി. യു. സി. പിരിക്കുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചു ;

(സി) ഇത്തരം നിയമവിരുദ്ധപ്രവർത്തനം നടത്തുന്ന സംഘടനകളുടെ മേൽ കർശനമായ നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly